# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3206 20.12.2012 - ൽ മറുപടിയ്ക്ക്**

## നെന്മാറ ഗേൾസ് ഹയർസെക്കന്ററി സ്ക്കൂൾ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | ഉത്തരം<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| --- | --- |
| (എ) നെന്മാറ മണ്ഡലത്തിലെ നെന്മാറ ഗേൾസ് ഹയർസെക്കന്ററി സ്ക്കൂൾ കെട്ടിട-നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെ ആയിട്ടുണ്ട്;<br><br>(ബി) സ്ക്കൂൾ കെട്ടിട നിർമ്മാണം എന്ന് തുടങ്ങാൻ കഴിയുമെന്നും, എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (എ) യും (ബി) യും നെന്മാറ മണ്ഡലത്തിലെ നെന്മാറ ഗേൾസ് ഹയർസെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവർത്തിയുടെ പണികൾ ഏറ്റെടുത്തിരിക്കുന്നത് M/s ഗാബിടെക്, തെങ്ങോട്, കാക്കനാട്, കൊച്ചി എന്ന കരാറുകാരനാണ്, പ്രവൃത്തിയുടെ സൈറ്റ് 19.03.2012-ന് കരാറുകാരന് കൈമാറിയിട്ടുണ്ട്. പ്രവർത്തിയുടെ സൈറ്റിലുള്ള മരങ്ങളും അതിനോട് അനുബന്ധിച്ച മറ്റ് വകകളും മാറ്റിയ ശേഷം കെട്ടിടം മാർക്ക് ചെയ്തപ്പോൾ, സാങ്കേതിക കാരണങ്ങളാൽ കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിങ്ങ് മാറ്റേണ്ടതായി വന്നു. മാറ്റത്തോട് കൂടിയ പുതിയ ആർക്കിടെക്ചറൽ ഡ്രോയിങ്ങ് 12.12.2012-ന് ലഭിച്ചിട്ടുണ്ട്. അതിനനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. പ്രവർത്തിയുടെ കാലാവധി 12 മാസമാണ്. |

സെക്ഷൻ ഓഫീസർ